


## കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 8



■ കെ.ടി അബ്ദുർറഹീം
■ സദ്‌റുദ്ദീൻ വാഴക്കാട്

# ബൻറോട്ടീ കാ ദോ ടുക്ഡാ

**ദക്ഷിണകേരളത്തിലെ** മുഴുസമയ പ്രവർത്തനം അവസാനിപ്പിച്ച് 1969-ൽ ഞാൻ എടവനക്കാട്ടേക്ക് മാറി. എറണാകുളം ജില്ലയിലെ എടവനക്കാട് മുസ്‌ലിം പാരമ്പര്യമുള്ള പ്രദേശമാണ്. ദീനീബോധമുള്ളവരും പണ്ഡിതന്മാരും സമ്പന്നരും ധാരാളമുണ്ടായിരുന്നു എടവനക്കാട്ട്. 'ഇർഷാദ്' എന്ന വിദ്യാഭ്യാസ സ്ഥാപനത്തിനു കീഴിൽ മദ്‌റസ, സ്‌കൂൾ എന്നിവ പ്രവർത്തിച്ചിരുന്നു. പുരോഗമന ചിന്താഗതിക്കാരുടെ നാടായിരുന്നു അത്. സമ്പന്നനും പണ്ഡിതനുമായിരുന്ന കെ.കെ കുഞ്ഞഹ്മദ് ഹാജിയായിരുന്നു ഇർഷാദിന്റെ പ്രസിഡന്റ്. പ്രമുഖ പണ്ഡിതനായ വാഴക്കാട് എം.ടി അബ്ദുർറഹ്മാൻ മൗലവി ദീർഘകാലം എടവനക്കാട്ട് മുദർരിസായിരുന്നു. അദ്ദേഹമിപ്പോൾ രോഗശയ്യയിലാണ്. ഇ.വി ആലിക്കുട്ടി മൗലവി, ഇബ്‌റാഹീം മൗലവി തടുങ്ങിയവരും എനിക്കു മുമ്പ് അവിടെ പ്രവർത്തിച്ചിരുന്നു.

ഒമ്പതു മാസമാണ് ഞാൻ എടവനക്കാട്ടുണ്ടായിരുന്നത്. കുട്ടികൾക്കും യുവാക്കൾക്കും സ്ത്രീകൾക്കും ക്ലാസുകൾ സംഘടിപ്പിക്കുകയായിരുന്നു ഈ കാലയളവിൽ പ്രധാനമായും ചെയ്തത്. ഒട്ടേറെ യുവാക്കളെ ജമാഅത്തിനോട് അടുപ്പിക്കാൻ കഴിഞ്ഞു. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് ജമാഅത്ത് എന്നെ അന്തമാനിലേക്ക് നിയോഗിച്ചത്. എനിക്ക് യാത്രയയപ്പ് തരാൻ വേണ്ടി ചേർന്ന യോഗത്തിൽ യുവാക്കൾ തന്നെ നൂറിലേറെയുണ്ടായിരുന്നു. ഇതുകണ്ടപ്പോൾ കുഞ്ഞഹ്മദ് ഹാജി പറഞ്ഞു: 'ഇത്രയേറെ യുവാക്കളെ സംഘടിപ്പിക്കാൻ കെ.ടിക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് ഇന്നലെ ഞാൻ അറിഞ്ഞിരുന്നെങ്കിൽ ഇന്ന് കെ.ടി പോകുമായിരുന്നില്ല.' 'താങ്കൾ ഇന്നലെ അറിഞ്ഞിരുന്നെങ്കിലും ഞാൻ പോകും, കാരണം ഞാൻ പോകണമെന്നത് ജമാഅത്തിന്റെ തീരുമാനമാണ്' - ഞാൻ പറഞ്ഞു.

1970 ആഗസ്റ്റിലായിരുന്നു അന്തമാനിലേക്കുള്ള എന്റെ യാത്ര. അന്തമാനെക്കുറിച്ച് ഒന്നും അറിയുമായിരുന്നില്ല. അന്തമാനിലെ സംസാരഭാഷയായ ഉർദുവും എനിക്ക് വശമുണ്ടായിരുന്നില്ല. ജമാഅത്തിന്റെ പ്രവർത്തകനായി എനിക്കുമുമ്പ് അന്തമാനിലെത്തിയ പി.കെ ഇബ്‌റാഹീം മൗലവിയുടെ പ്രവർത്തനഫലമായി ഏതാനും പ്രവർത്തകരെയും അനുഭാവികളെയും നമുക്ക് അവിടെ കിട്ടിയിരുന്നു.

### പി.കെ ഇബ്‌റാഹീം മൗലവി

മേലാറ്റൂർ സ്വദേശിയായ പി.കെ ഇഹ്‌റാഹീം മൗലവിയായിരുന്നു അന്തമാനിലെ ആദ്യത്തെ മുഴുസമയ ജമാഅത്ത് പ്രവർത്തകൻ. ഞങ്ങൾ നേരത്തേ പരിചിതരായിരുന്നു. ഞാൻ പട്ടിക്കാട് പള്ളിദർസിൽ ചെറിയ കിതാബുകൾ ഓതിയിരുന്ന സമയത്ത് അദ്ദേഹം അവിടത്തെ മുതിർന്ന വിദ്യാർഥിയായിരുന്നു. ചിന്തിക്കുന്ന, കഴിവുറ്റ വിദ്യാർഥിയായിരുന്നു അദ്ദേഹം. ജമാഅത്തിൽ ആകൃഷ്ടനായ പി.കെ, ശാന്തപുരം ഇസ്‌ലാമിയാ കോളേജ് ആരംഭിച്ചപ്പോൾ അവിടെ വിദ്യാർഥിയായി. ശാന്തപുരത്തെ ആദ്യ ബാച്ചിൽ പഠനം പൂർത്തിയാക്കിയ പി.കെ മികച്ച പണ്ഡിതനും നയപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യാനറിയാവുന്ന ആളുമായിരുന്നു. ഇസ്സുദ്ദീൻ മൗലവിയുടെ മകളെയാണ് അദ്ദേഹം വിവാഹം ചെയ്തത്.

കേരളത്തിൽനിന്ന് ജമാഅത്ത് ആദ്യമായി അന്തമാനിലേക്ക് നിയോഗിച്ചത് അദ്ദേഹത്തെയായിരുന്നു. സുന്നി-മുജാഹിദ് തർക്കം ശക്തമായി നിലനിന്ന കാലത്തായിരുന്നു അദ്ദേഹം അന്തമാനിലെത്തിയത്. മർഹൂം വാണിയമ്പലം അബ്ദുർറഹ്മാൻ മുസ്‌ലിയാർ, ബി. കുട്ടി ഹസൻ ഹാജി തുടങ്ങിയ സുന്നീ പണ്ഡിതന്മാരും സെയ്തു മൗലവി, ജമാലുദ്ദീൻ മൗലവി തുടങ്ങിയ മുജാഹിദ് പണ്ഡിതന്മാരും അന്തമാനിൽ ഖണ്ഡനമണ്ഡന പ്രസംഗങ്ങൾ നടത്തുകയും അതിന്റെ ഫലമായി സുന്നി-മുജാഹിദ് തർക്കം രൂക്ഷമാവുകയും ചെയ്തിരുന്നു. ഈ പശ്ചാത്തലത്തിലാണ് പി.കെ അവിടെ എത്തുന്നത്. എന്നാൽ സുന്നി-മുജാഹിദ് തർക്കത്തിൽ ഇടപെടാതെയും സുന്നികളുടെ ഭാഗത്തുനിന്ന് ജമാഅത്തിനെതിരെ ഉയർന്ന വിമർശനങ്ങൾക്ക് മുജാഹിദ് ശൈലിയിൽ പ്രതികരിക്കാതെയുമാണ് പി.കെ പ്രവർത്തിച്ചത്. അതിന്റെ ഫലമായി ജമാഅത്തിന് കുറേ പ്രവർത്തകരെയും അനുഭാവികളെയും ലഭിച്ചു.

ഇസ്സുദ്ദീൻ മൗലവിയുടെ മകൻ വി.കെ അബ്ദുർറശീദ്, ശാന്തപുരത്തെ എ. ഹൈദറലി സാഹിബ്, പാലേരി മൂസാ, കുറ്റ്യാടിയിലെ സൂപ്പി മൗലവി തുടങ്ങിയവരൊക്കെ അദ്ദേഹത്തോടൊപ്പം അന്തമാനിൽ പ്രവർത്തിച്ചിട്ടുണ്ട്.

### മർകസുത്തഅ്ലീമിൽ ഇസ്‌ലാമി

അന്തമാൻ ഭൂമിശാസ്ത്രപരമായി 88 ശതമാനം മലകളാണ്. 12 ശതമാനം മാത്രമാണ് സമനിരപ്പുള്ള പ്രദേശങ്ങളുള്ളത്. മഴ പെയ്താൽ ആകെ ചളിയായി മാറും. വിംബർലി ഗഞ്ചിൽനിന്ന് ബംബോ ഫ്ളാട്ടിലേക്ക് പോകുന്ന വഴിയിലാണ് സ്റ്റുവർട്ട് ഗഞ്ച്. അവിടെയാണ് 'മർകസുത്തഅ്ലീമിൽ ഇസ്‌ലാമി' എന്ന പേരിൽ ജമാഅത്തിന്റെ വിദ്യാഭ്യാസ കേന്ദ്രം പ്രവർത്തിച്ചിരുന്നത്. ബംബോ ഫ്ളാട്ടിൽനിന്ന് ബോട്ട് മാർഗം അന്തമാന്റെ ഭരണകേന്ദ്രമായ അവറഡീൻ ബസാറിലേക്ക് പോകാം. അവിടെയാണ് തുറമുഖവും വിമാനത്താവളവുമുള്ളത്.

പഴയ ശാന്തപുരം ഇസ്‌ലാമിയാ കോളേജ് പോലെയുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനമായാണ് മർക്സ് ആരംഭിച്ചത്. സ്കൂൾ വിദ്യാഭ്യാസവും സർട്ടിഫിക്കറ്റുകളും ഒഴിവാക്കി, ഒരു പ്രത്യേക പാഠ്യപദ്ധതിയനുസരിച്ചായിരുന്നു പഠനം. വിദ്യാർഥികൾ മർകസിൽ തന്നെ താമസിക്കുകയായിരുന്നു. രണ്ടു വർഷത്തോളം ഈ രീതിയിൽ മർകസ് നല്ലനിലയിൽ പ്രവർത്തിച്ചു. എന്നാൽ, സർട്ടിഫിക്കറ്റ് ലഭിക്കാത്ത പഠനമായതിനാൽ അതുകൊണ്ട് വലിയ പ്രയോജനമൊന്നും ഉണ്ടാകില്ലെന്നും ജോലി കിട്ടില്ലെന്നും രക്ഷിതാക്കൾക്കും കുട്ടികൾക്കും തോന്നി. അന്തമാൻ കേന്ദ്ര ഭരണ പ്രദേശമായതിനാൽ പത്താം ക്ലാസ് പാസ്സായാൽ തന്നെ സർക്കാർ ജോലി കിട്ടുമായിരുന്നു. കുട്ടികൾ കൊഴിഞ്ഞുപോകാൻ തുടങ്ങി. അങ്ങനെ മർകസിന്റെ പ്രവർത്തനം മന്ദഗതിയിലായി. ഹൈദറലി സാഹിബ്, വി.കെ അബ്ദുർറശീദ് തുടങ്ങിയവരൊക്കെ അന്തമാനിൽനിന്ന് തിരിച്ചുപോരുകയും ചെയ്തു. ഞാൻ അന്തമാനിലെത്തുമ്പോൾ തിരൂർക്കാട്ടെ ടി. അബ്ദുർറഹ്മാൻ മാത്രമാണവിടെ ഉണ്ടായിരുന്നത്. അദ്ദേഹമായിരുന്നു മർകസിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നത്. അദ്ദേഹം അന്തമാനിൽനിന്ന് നാട്ടിലേക്ക് പോരാൻ തീരുമാനിച്ചപ്പോഴാണ് എന്നെ അവിടേക്ക് നിയമിച്ചത്.



എം.ടി അബ്ദുർറഹ്മാൻ മൗലവി


**'അബുൽഅഅ്ലാ' എന്നു പേരുള്ള ഒരു വിദ്യാർഥിയുണ്ടായിരുന്നു അന്തമാനിലെ മർകസിൽ. കേരള നദ്‌വത്തുൽ മുജാഹിദീന്റെ ഇപ്പോഴത്തെ സെക്രട്ടറി എ.പി അബ്ദുൽ ഖാദിർ മൗലവിയാണ് അബുൽഅഅ്ലാ എന്നു പേരിട്ടത്. പാക് ഭരണകൂടം സയ്യിദ് മൗദൂദിയെ തൂക്കിലേറ്റാൻ വിധിച്ചപ്പോൾ നാസിലത്തിന്റെ ഖുനൂത്ത് (വിപത്തുണ്ടാകുമ്പോഴുള്ള പ്രത്യേക പ്രാർഥന) ഓതിയ ആളായിരുന്നു എ.പി. അത്ര മാത്രം മൗദൂദി സ്നേഹമുണ്ടായിരുന്നു അദ്ദേഹത്തിന്.**

### അന്തമാൻ യാത്ര

അന്തമാനിലെ ചൗധരി ഹംസ സാഹിബിന്റെ മകൻ അബ്ദുൽ ഗഫൂർ ശാന്തപുരത്ത് പഠിച്ചിരുന്നു. ഗഫൂറും ഞാനും ഒന്നിച്ചാണ് അന്തമാനിലേക്ക് പുറപ്പെട്ടത്. മദ്രാസിൽനിന്നാണ് കപ്പൽ. ട്രെയ്നിൽ മദ്രാസിലെത്തിയ ഞങ്ങൾ, സീപോർട്ടിനടുത്തുള്ള കൂട്ട്യാലി ലോഡ്ജിൽ താമസിച്ചു. പാവങ്ങൾക്ക് താമസിക്കാവുന്ന ലോഡ്ജായിരുന്നു അത്. മാസത്തിൽ രണ്ടു കപ്പലാണ് അന്തമാനിലേക്കുണ്ടായിരുന്നത്. 'സ്റ്റേറ്റ് ഓഫ് ബോംബെ' എന്ന കപ്പലിലായിരുന്നു യാത്ര. കപ്പൽയാത്ര എന്റെ ആദ്യ അനുഭവമായിരുന്നു. ദക്ഷിണ കേരളത്തിൽ വെച്ച് ബോട്ടിൽ കയറിയ പരിചയം മാത്രമേ എനിക്കുണ്ടായിരുന്നുള്ളൂ. ആദ്യമായി കപ്പലിൽ യാത്ര ചെയ്യുമ്പോൾ ഛർദിക്കുമെന്നുറപ്പാണ്. എനിക്ക് പക്ഷേ, ഛർദിയുണ്ടായില്ല. മൂന്നു നാല് തവണ കപ്പൽ യാത്ര ചെയ്ത ആളായിരുന്നിട്ടും ഗഫൂർ ഛർദിച്ച് അവശനായി. ഭക്ഷണം കിട്ടണമെങ്കിൽ മുകളിലെ കാന്റീനിൽ പോയി വാങ്ങണം. ഉർദുവാണ് സംസാര ഭാഷ. എനിക്കാകട്ടെ ഉർദു ഒട്ടും അറിയില്ല. ഗഫൂർ അവശനായി കിടക്കുന്നു. മറ്റു വഴിയില്ലാത്തതിനാൽ ഞാൻ തന്നെ കാന്റീനിൽ പോയി. 'ബൻറോട്ടീകാ ദോ



പി. അലവി



ചൗധരി എം. ഹംസ



പി.കെ മുഹമ്മദ്



കെ. മുഹമ്മദ്

ടുക്ഡാ' എന്ന് പറഞ്ഞാൽ മതിയെന്ന് ഗഫൂർ പഠിപ്പിച്ചുതന്നിരുന്നു. ഞാനത് ചൊല്ലി പഠിച്ചുകൊണ്ടാണ് പോകുന്നത്. കാന്റീനിൽ ചെന്ന് പഠിച്ചത് അങ്ങനെ തന്നെ പറഞ്ഞു. അവരെന്തോ ഒരു മറുപടി ഉർദുവിൽ പറഞ്ഞു. എനിക്കൊന്നും മനസ്സിലായില്ല. 'സാഡേ സാത് ബജേ ആവേ', (ഏഴര മണിക്ക് വരണം) എന്നായിരുന്നു അയാൾ പറഞ്ഞതെന്ന് പിന്നീടാണ് എനിക്ക് മനസ്സിലായത്. ഏഴരമണിക്കു ശേഷം ഗഫൂർ തന്നെ പോയി ഭക്ഷണം വാങ്ങി കൊണ്ടുവന്നു.

അന്തമാനിലെത്തുന്നതിന്റെ തലേദിവസം ഞാൻ ഷേവിംഗ് സെറ്റ് എടുത്ത് താടിയൊക്കെ ശരിപ്പെടുത്താൻ തുടങ്ങി. കപ്പലൊന്ന് ഇളകിയപ്പോൾ താടിയുടെ ഒരു ഭാഗം പോയി. മറു ഭാഗവും കുറച്ച് വടിച്ച് ചെറിയ ഒരു താടിയാക്കി നോക്കി. എങ്ങനെയും ശരിയാകുന്നില്ല. 'ഇതൊന്നും ശരിയാകില്ല. നിങ്ങൾ താടി മുഴുവൻ വടിച്ചേക്കൂ' എന്ന് ഗഫൂർ പറഞ്ഞതനുസരിച്ച് ഞാൻ താടിവടിച്ചു. അന്തമാനിൽ കപ്പലിറങ്ങുമ്പോൾ താടിയില്ല. 'കെ.ടി അബ്ദുർറഹീം മൗലവി'യെ പ്രതീക്ഷിച്ച് സ്വീകരിക്കാൻ വന്നവർക്കിടയിലേക്ക് 'താടിയില്ലാത്ത, ഹാഫ് കൈ ഷർട്ടിട്ട, കറുത്ത് മെലിഞ്ഞ ഒരാൾ' ചെന്നപ്പോൾ അവർക്കാകെ നിരാശയായി. രൂപം കൊണ്ട് എന്നെ അവർക്ക് ബോധിച്ചിട്ടില്ലെന്ന് സംസാരത്തിൽനിന്നും പെരുമാറ്റത്തിൽനിന്നും മനസ്സിലായി.

ഞാനും അബ്ദുർറഹ്മാനും മർകസിലാണ് താമസിക്കുന്നത്. ഒരാഴ്ചക്കകം അദ്ദേഹം തിരിച്ചുപോരും. എനിക്കാകട്ടെ ഉർദു വശമില്ല. ഒരാഴ്ച കൊണ്ട് സാധിക്കുന്നത്ര ഉർദു പഠിപ്പിച്ചുതരാമെന്ന് അദ്ദേഹം പറഞ്ഞു. ഹമാരി കിതാബിലെയും മറ്റും ചില പാഠങ്ങൾ പറഞ്ഞുതരികയും ചെയ്തു. അബ്ദുർറഹ്മാൻ നാട്ടിലേക്ക് കപ്പൽ കയറി. ഉർദു പഠിക്കാതെ അവിടെ ഒന്നും ചെയ്യാനാകുമായിരുന്നില്ല. ചൗധരി ഹംസ സാഹിബിന്റെ ഒരു അനുജനുണ്ടായിരുന്നു- മൂസ. 'മൂസൂ' എന്നാണ് വിളിച്ചിരുന്നത്. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ മാവിൽനിന്ന് വീണ് മൂസു കിടപ്പിലായിരുന്നു. ഒരു റേഡിയോ അടുത്തുണ്ടാകും. അതുവഴി ലോക വാർത്തകളൊക്കെ അറിയും. മൂസുവിന് നന്നായി ഉർദു അറിയുമായിരുന്നു. അദ്ദേഹത്തിന്റെ അടുത്തുനിന്നാണ് പിന്നീട് ഞാൻ ഉർദു പഠിച്ചത്.

ചൗധരി ഹംസ സാഹിബായിരുന്നു അവിടത്തെ പ്രധാനപ്പെട്ട ഒരു വ്യക്തി. വില്ലേജ് ഓഫീസർക്കാണ് 'ചൗധരി' എന്നു പറയുക. പഞ്ചായത്ത് പ്രസിഡന്റിന് 'പഞ്ചായത്ത് പ്രധാൻ' എന്നാണ് പറയുക. ബാപ്പു സാഹിബ് എന്നു വിളിച്ചിരുന്ന പി.കെ മുഹമ്മദ് സാഹിബായിരുന്നു പഞ്ചായത്ത് പ്രധാൻ. 'ബഗീച്ച' എന്ന് വിളിച്ചിരുന്ന കച്ചവടക്കാരനായ മുഹമ്മദ് സാഹിബ്, മർകസിന്റെ തൊട്ടടുത്ത് താമസിച്ചിരുന്ന കുഞ്ഞുട്ടു സാഹിബ്, ബാപ്പു സാഹിബ്, അബ്ദുല്ല കുട്ടി സാഹിബ് തുടങ്ങിയവരൊക്കെയാണ് അക്കാലത്ത് നമ്മുടെ സഹകാരികൾ. അബ്ദുല്ല കുട്ടി സാഹിബ് ഒഴികെയുള്ളവരൊക്കെ മരണപ്പെട്ടു. എടത്തനാട്ടുകാരനായ ഏനു സാഹിബ് മുജാഹിദ് ആശയക്കാരനായിരുന്നു. പിന്നീട് ജമാഅത്ത് പ്രവർത്തകനായി. ആശാരിപ്പണിയെടുത്തിരുന്ന മറ്റൊരു ഏനു സാഹിബും ഉണ്ടായിരുന്നു. ബഗീച്ചയുടെ മരുമകനായിരുന്ന ഹംസ, പിന്നീട് ചൗധരിയായി. ഹംസയുടെ ജ്യേഷ്ഠൻ, വലിയ സമ്പന്നനും കച്ചവടക്കാരനുമായ മൊയ്തുണ്ണി സാഹിബായിരുന്നു സുന്നി യുവജന സംഘത്തിന്റെ അന്തമാനിലെ നേതാവ്.

സുന്നികൾക്ക് ഒരു പള്ളിയുണ്ടായിരുന്നു. മുജാഹിദിനും ജമാഅത്തിനും സ്റ്റുവർട്ട് ഗഞ്ചിലും വിംബർലി ഗഞ്ചിലും രണ്ട് പള്ളികളും. രണ്ടിടത്തും ഞാൻ ഖുത്ബകൾ നടത്തിയിരുന്നു. മുജാഹിദുകാരനായ ഒരാളും ഖുത്ബ നടത്താറുണ്ടായിരുന്നു. 'മദ്റസ' ജമാഅത്തും മുജാഹിദും ഒന്നിച്ചാണ് നടത്തിയിരുന്നത്. മർകസിൽതന്നെയാണ് മദ്റസ പ്രവർത്തിച്ചിരുന്നത്. മർകസിലെ പ്രത്യേക കോഴ്സിൽ അന്ന് പതിനാല് കുട്ടികളാണ് പഠിച്ചിരുന്നത്. അവർ അവിടെ താമസിക്കുകയായിരുന്നു. ഭക്ഷണത്തിന് മെസ് പ്രവർത്തിച്ചിരുന്നു.

അതിലെ കുക്കിന് മാസത്തിൽ 80 രൂപ ശമ്പളം കൊടുക്കണം. ഭക്ഷണ ചെലവ് വേറെയും. വയൽ പാട്ടത്തിനെടുത്ത് നെല്ലുണ്ടാക്കിയാണ് ചെലവിന്റെ വലിയൊരുഭാഗം കണ്ടെത്തിയിരുന്നത്. നെല്ല് കൊയ്യാനും മെതിക്കാനും ഞാനും കൂടിയിരുന്നു. സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ നന്നേ പ്രയാസപ്പെടുകയായിരുന്നു. ഇനി എന്തു ചെയ്യണമെന്ന ആലോചനയായി. മെസ് നിർത്തുന്നതിനെക്കുറിച്ചായി ആദ്യത്തെ ചിന്ത. വീട്ടിലേക്ക് നടന്നുപോകാവുന്ന ദൂരത്തുള്ളവരായിരുന്നു കുട്ടികൾ. അവരോട് വീട്ടിൽ പോയി ഭക്ഷണം കഴിച്ചുവരാൻ പറഞ്ഞു. മെസ് നിർത്തലാക്കി. കമ്മിറ്റിയോഗം ഇത് അംഗീകരിപ്പിച്ചു. രാവിലെ പത്തു മണി മുതൽ വൈകുന്നേരം നാലു മണിവരെയായി ക്ലാസ് സമയം. രാവിലെയും വൈകുന്നേരവും മദ്റസയും നടത്തി.

അങ്ങനെ വലിയൊരളവോളം സാമ്പത്തിക ഭാരം കുറഞ്ഞു. മർകസിലെ പ്രത്യേക കോഴ്സ് തന്നെ നിർത്തുന്നതിനെക്കുറിച്ചായി പിന്നീട് ആലോചന. ഏതാനും കുട്ടികളെ ശാന്തപുരത്തേക്കും തിരൂർക്കാട് ഇലാഹിയ്യയിലേക്കും അയച്ചു. അവരിൽ പലരും പഠനം പൂർത്തിയാക്കി, വിദേശത്ത് ഉപരിപഠനം നടത്തി ഇന്ന് ഉന്നത നിലയിലെത്തിയവരുമുണ്ട്.

## നാസിലത്തിന്റെ ഖുനൂത്ത്

'അബുൽഅഅ്‌ലാ' എന്നു പേരുള്ള ഒരു വിദ്യാർഥിയുണ്ടായിരുന്നു അന്തമാനിലെ മർകസിൽ. ഏനു സാഹിബിന്റെ മകനായിരുന്നു അബുൽഅഅ്‌ലാ. മൗദൂദി സാഹിബിന്റെ പേര് കുട്ടിക്കിടാൻ മാത്രം വിപ്ലവകാരിയാരാണെന്നായി എന്റെ സംശയം. ഞാൻ ഏനു സാഹിബിനോട് ആരാണ് മകന് അബുൽഅഅ്‌ലാ എന്ന പേരിട്ടതെന്ന് ചോദിച്ചു. എ.പി അബ്ദുൽ ഖാദിർ മൗലവിയാണ് അബുൽഅഅ്‌ലാ എന്ന പേരിട്ടതെന്ന് ഏനു സാഹിബ് പറഞ്ഞു. കേരള നദ്‌വത്തുൽ മുജാഹിദീന്റെ ഇപ്പോഴത്തെ നേതാവാണ് എ.പി അബ്ദുൽ ഖാദിർ മൗലവി. അദ്ദേഹം ജമാഅത്തിനോട് വലിയ അടുപ്പമുള്ള, മൗദൂദി സാഹിബിനെ നന്നായി സ്നേഹിച്ചിരുന്ന ആളായിരുന്നു. പാക് ഭരണകൂടം സയ്യിദ് മൗദൂദിയെ തൂക്കിലേറ്റാൻ വിധിച്ചപ്പോൾ നാസിലത്തിന്റെ ഖുനൂത്ത് (വിപത്തുണ്ടാകുമ്പോഴുള്ള പ്രത്യേക പ്രാർഥന) ഓതിയ ആളായിരുന്നു എ.പി. അത്രമാത്രം മൗദൂദി സ്നേഹമുണ്ടായിരുന്നു അദ്ദേഹത്തിന്. എ.പിയുടെ ജ്യേഷ്ഠൻ അബ്ദുല്ല കുട്ടി അക്കാലത്ത് അന്തമാനിലുണ്ടായിരുന്നു. അദ്ദേഹം ജമാഅത്ത് മനഃസ്ഥിതിക്കാരനും അന്തമാനിലെ ജമാഅത്തിന്റെ തുടക്കക്കാരനുമായിരുന്നു. നല്ല വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. ■

(തുടരും)

sadarvzkd@yahoo.co.in

# വിവാഹമോചനത്തിന്റെ ദുഃഖസ്മൃതികൾ

**ജമാഅത്തെ** ഇസ്‌ലാമിയുടെ പ്രവർത്തകനായതിന്റെ പേരിൽ എനിക്ക് അനുഭവിക്കേണ്ടിവന്ന ഏറ്റവുമധികം വേദനയേറിയ സംഭവമാണ് എന്റെ വിവാഹമോചനം. എന്റെ ഗുരുനാഥനും പണ്ഡിതനുമായിരുന്ന അമാനത്ത് കോയണ്ണി മുസ്‌ലിയാരുടെ മകൾ ആസ്യയെ ആയിരുന്നു ഞാൻ വിവാഹം കഴിച്ചത്. 1960 മാർച്ചിലായിരുന്നു അത്. എന്റെ മൂത്ത മകൻ സ്വാലിഹ് പിറന്നത് ആസ്യയിലാണ്. 1964-ൽ ഞാൻ ജമാഅത്തുമായി ബന്ധപ്പെടുന്നതുവരെ അഗാധമായ ബന്ധമാണ് ഞങ്ങൾ തമ്മിലുണ്ടായിരുന്നത്. അറബി കവിതയിലാണ് കോയണ്ണി മുസ്‌ലിയാർ എനിക്ക് കത്തെഴുതാറുണ്ടായിരുന്നത്; എന്റെ മറുപടിയും കവിതാ രൂപത്തിലായിരിക്കും.

ജമാഅത്തിനോട് അടുക്കാൻ തുടങ്ങിയപ്പോൾ തന്നെ ഞാൻ കോയണ്ണി മുസ്‌ലിയാർക്ക് കത്തയച്ചു: "ജമാഅത്തിന്റെ മലയാള പുസ്തകങ്ങൾ ഞാൻ വായിച്ചു. അവയിൽ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ അഖീദക്ക് എതിരായ ഒന്നും കാണുന്നില്ല. താങ്കൾക്ക് ഉർദു അറിയാമല്ലോ. അവരുടെ ഉർദു പുസ്തകത്തിൽ അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞു തരണം" ഇതായിരുന്നു ഞാനെഴുതിയത്. അദ്ദേഹം പെട്ടെന്ന് മറുപടി അയച്ചു. അതിരൂക്ഷമായ ഭാഷയിലുള്ള ജമാഅത്ത് വിമർശനമായിരുന്നു അതിലുണ്ടായിരുന്നത്. 'ഹുബ്ബുക്കശ്ശൈഇ യുഅ്മീ വയുസ്സിമ്മു' (ഒന്നിനോടുള്ള നിന്റെ സ്നേഹം നിന്നെ അന്ധനും ബധിരനുമാക്കുന്നു) എന്ന ഹദീസായിരുന്നു തലക്കെട്ട്. ഞാൻ അത്ഭുതപ്പെട്ടു. ജമാഅത്തെ ഇസ്‌ലാമി അഹ്‌ലുസ്സുന്നത്തിന് എതിരാണെന്നതിന് തെളിവുകളില്ലാത്തതിനാലാണ് ഇങ്ങനെ വിമർശിക്കുന്നത് എന്ന് എനിക്ക് തോന്നി. ഞാൻ രണ്ടാമതും കത്തയച്ചു. 'ജമാഅത്തിനെക്കുറിച്ച് താങ്കൾ മനസ്സിലാക്കിയ ന്യൂനതകൾ ചൂണ്ടിക്കാണിച്ചു തരണം' എന്ന അപേക്ഷയും കൂടെ ഒരു കവിതയും.

വഐനുരിദാ അൻകുല്ലി ഐബിൻ കലീലത്തുൻ
വലാകിന്ന ഐനുസ്സുഖ്തി തുബ്ദിൽമസാവിയ

(സ്നേഹത്തോടെയുള്ള നോട്ടം എല്ലാ പോരായ്മകളെയും ഇല്ലാതാക്കും. പക്ഷേ, വെറുപ്പോടെയുള്ള നോട്ടം ന്യൂനതകളെ പുറത്തുകൊണ്ടുവരും).

ഈ കത്തിനുള്ള അദ്ദേഹത്തിന്റെ മറുപടിയും അധിക്ഷേപിച്ചുകൊണ്ടുള്ളതായിരുന്നു. കത്തെഴുത്ത് തുടർന്നു. പക്ഷേ, മനഃസമാധാനം നൽകുന്ന ഒന്നും അവയിലുണ്ടായിരുന്നില്ല. അതു നന്നായി എന്ന് പിന്നീട് എനിക്ക് തോന്നി. 'മോനേ, ജമാഅത്ത് ശരിയല്ല, അത് പിഴച്ചതാണ്' എന്ന് സ്നേഹത്തോടെ ഒരു ഉപദേശമാണ് അദ്ദേഹം എനിക്ക് തന്നിരുന്നതെങ്കിൽ, ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കൂടുതലൊന്നും ചിന്തിക്കാതെ ഞാൻ ജമാഅത്ത് ബന്ധം ഉപേക്ഷിക്കുമായിരുന്നു. എന്റെ മാറ്റത്തിന് അദ്ദേഹത്തിന്റെ മറുപടി സഹായകമാവുകയാണുണ്ടായത്.

ജമാഅത്ത് പ്രവർത്തകനായി ആലത്തൂരിൽ എത്തിയ ഉടനെ ആസിയയെ വിവാഹമോചനം ചെയ്യണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കോയണ്ണി മുസ്‌ലിയാരുടെ കത്ത് കിട്ടി. ഞാനതിന് മറുപടി അയച്ചു: 'താങ്കളുടെ മകളുടെ ത്വലാഖാണ് വേണ്ടതെങ്കിൽ അത് ആവശ്യപ്പെടേണ്ടത് അവളാണ്.' 1965 ജൂണിൽ ആസ്യയുടെ കത്ത് വന്നു. 'നിങ്ങൾക്ക് നിങ്ങളുടെ മതമാണ് വേണ്ടതെങ്കിൽ എന്നെ ത്വലാഖ് ചൊല്ലുക.' ഇതായിരുന്നു കത്തിലെ വാചകം.

കോയണ്ണി മുസ്‌ലിയാർ ആസ്യയെ കരുവാരകുണ്ടിലെ അവരുടെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയിരുന്നു. എന്റെ ഉമ്മയുടെ നിർബന്ധം കാരണം ഞാനവളെ നേരിട്ട് കാണാൻ ചെന്നു. മഹല്ല് കാരണവരായ അഹ്മദ് കാക്കയും കെ.പി ഹൈദരലി എന്ന കുഞ്ഞുകാക്കയും എന്റെ കൂടെയുണ്ടായിരുന്നു. അന്ന് മകൻ സ്വാലിഹിന് രണ്ടര വയസാണ്. അവൻ ഉമ്മയുടെ കൂടെയായിരുന്നു. അവളോട് നേരിട്ട് സംസാരിച്ചപ്പോഴും, ത്വലാഖ് ആവശ്യപ്പെട്ടു. അഹ്മദ് കാക്ക അവളെ പലരൂപത്തിൽ ഉപദേശിച്ചു. 'എന്റെ മകളുടെ ഭർത്താവ് ജമാഅത്തുകാരനാണ്. ജമാഅത്തായതിന്റെ പേരിൽ ഞാൻ അവളുടെ ത്വലാഖ് ആവശ്യപ്പെട്ടിട്ടില്ല' അഹ്മദ് കാക്ക അവളോട് പറഞ്ഞു. പക്ഷേ, അവർ വിവാഹമോചനത്തിൽ ഉറച്ചുനിന്നു. (കോയണ്ണി മുസ്‌ലിയാർ ഭീഷണിപ്പെടുത്തി നിർബന്ധിച്ചിട്ടായിരുന്നു, സ്വന്തം ഇഷ്ടപ്രകാരമായിരുന്നില്ല ത്വലാഖ് ആവശ്യപ്പെട്ടതെന്ന് പിന്നീട് ഞാൻ അറിഞ്ഞു). മകന്റെ സംരക്ഷണം എനിക്കായിരിക്കും അവനിൽ നിങ്ങൾ അവകാശവാദം ഉന്നയിക്കരുത്' എന്ന നിബന്ധനയോടെ ഞാൻ അംഗീകരിച്ചു. സ്വാലിഹിനെ അവിടെനിന്ന് ഞാൻ കൊണ്ടുപോന്നു. അടുത്തദിവസം ഞാൻ പാലക്കാട്ടേക്ക് പുറപ്പെട്ടു. ട്രെയ്നിൽ വെച്ചുതന്നെ 'വിവാഹമോചന കത്ത്' അറബി കവിതാ രൂപത്തിൽ എഴുതി. തുടക്കം ഇങ്ങനെയായിരുന്നു:

ഇലൈക റസൂലുഹമ്മീ ബിശ്തിയാഖീ
അബാസൽമാ അബീ ഹാദാ ഫിറാഖീ

മറ്റു ചില വരികൾ:

ബിസബബി രിസാലത്തിൻ മിൻകും വമിൻഹാ
വസുഅ്ലിൻ മഹ്‌രിഹാ സുമ്മത്ത്വലാഖീ
വസബബി ഇജാബത്തിൻ മിൻഹാ ലിഅഹ്മദ്
ഉരീദുൽ അസ്‌ല വംനഹ് ലീത്വലാഖീ
ബിഹീ ത്വല്ലഖ്തു ബിൻതക ഉമ്മ സ്വാലിഹ്
ത്വലാഖൻ വാഹിദൻ ഫൻളിർ ബവാഖീ
ഫഖുൽത്തു ലിസൗജികും ഖൗലൻകരീമാ
വഅർജുമിൻകുമൂ ഹുസ്നത്ത്വലാഖീ....

പാലക്കാട്ടെത്തിയ ഉടൻ കോയണ്ണി മുസ്‌ലിയാർക്കുള്ള വിവാഹമോചന കത്തും ജമാഅത്ത് അംഗത്വത്തിന് അപേക്ഷിച്ചുകൊണ്ട് അമീറിനുള്ള കത്തും ഒന്നിച്ച് പോസ്റ്റ് ചെയ്തു.

കുറച്ചുകാലം കഴിഞ്ഞ് ആസ്യ പുനർവിവാഹം ചെയ്ത് ഗർഭിണിയായ ശേഷമാണ് ഞാൻ മറ്റൊരു വിവാഹം ചെയ്തത്; 1968-ൽ ഞാറയിൽകോണം മഹല്ലിലെ ഇബ്റാഹീം സാഹിബിന്റെ മകളെ. ■